ഹരിജൻ സഹകരണ സംഘങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ

1069 [1981] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ സഹകരണ സംഘങ്ങൾക്ക് ഇപ്പോൾ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(ബി) ഷെയറെടുക്കുന്നതിനു മെമ്പർമാരായി ഹരിജനങ്ങൾക്കു മറ്റു മെമ്പർമാരിൽനിന്നും വല്ല പ്രത്യേക ഇളവുകളും അനുവദിച്ചിട്ടുണ്ടോ;

(സി) ഈ സംഘങ്ങൾക്കനുവദിച്ചിട്ടുള്ള പ്രവർത്തന മൂലധനം മറ്റു സംഘങ്ങളിൽനിന്നും വ്യത്യസ്തമാണോ?

ഉത്തരം

(എ) ഹരിജൻ സഹകരണ സംഘങ്ങൾക്ക് താഴെ പറയുന്ന ധന സഹായങ്ങൾ ഇപ്പോൾ നൽകിവരുന്നുണ്ട്.

1. ഷെയർ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ
2. പ്രവർത്തന മൂലധനഫണ്ട്
3. ഓഹരിമൂലധന ഗ്രാൻറ്
4. പലിശ സബ്സിഡി
5. ഫർണിച്ചർ ഗ്രാൻറ്
6. മാനേജീരിയൽ സബ്സിഡി
7. വസ്തു വാങ്ങുന്നതിന് ഗ്രാൻറ്
8. കെട്ടിട നിർമ്മാണ ഗ്രാൻറ്
9. ഡിപ്പാർട്ടുമെൻറൽ ഇൻസ്പെക്ടർമാരുടെ സൗജന്യ സേവനം.

(ബി) അനുവദിച്ചിട്ടുണ്ട്.

(സി) വ്യത്യസ്തമാണ്.

വിജിലൻസ് വിഭാഗം സ്വതന്ത്രവകുപ്പാക്കി മാറ്റാൻ നടപടി

1070 [1982] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പോലീസ് വിജിലൻസ് വിഭാഗം സ്വതന്ത്ര വകുപ്പാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാന വിജിലൻസ് വിഭാഗം ഇപ്പോൾ തന്നെ ഗവൺമെൻറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒരു സ്വതന്ത്രവകുപ്പാണ്.

ഉളിക്കൽ പോലീസ് സ്റ്റേഷൻ കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കാനുള്ള നടപടികൾ

1071 [1985] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ഉളിക്കൽ പോലീസ് സ്റ്റേഷനു കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കാനുള്ള നടപടികളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വെളിപ്പെടുത്താമോ;

(ബി) ഇതിന്റെ പണി ടെൻഡർ ചെയ്യാൻ നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) ആവശ്യമായ സ്ഥലം ഏടുത്തുകഴിഞ്ഞു.

(ബി) ഫിനാൻസ് കമ്മീഷൻ ശുപാർശചെയ്ത കേന്ദ്രസഹായം ഉപയോഗിച്ച് പണി തുടങ്ങുവാൻ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീകണ്ഠപുരത്ത് പോലീസ് ക്വാർട്ടേഴ്സും സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്—കം—പോലീസ് സ്റ്റേഷനും നിർമ്മിക്കാനുള്ള നടപടി

1072 [1987] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ശ്രീകണ്ഠപുരത്തെ പോലീസ് ക്വാർട്ടേഴ്സും സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്—കം—പോലീസ് സ്റ്റേഷനും നിർമ്മിക്കാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിലേക്കായി സ്ഥലം അക്വയർചെയ്തു കഴിഞ്ഞിട്ടുണ്ടോ;

(സി) അക്വയർചെയ്തു കഴിഞ്ഞെങ്കിൽ സ്ഥലം പോലീസ് വകുപ്പിന് കൈമാറം ചെയ്തുകിട്ടിയോ;

(ഡി) സ്റ്റേഷന്റെയും ക്വാർട്ടേഴ്സിന്റെയും പണികൾ ഉടൻ ടെൻഡർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി) റവന്യൂ അധികൃതർ സ്ഥലമെടുപ്പു നടപടികളും സ്വീകരിച്ചിട്ടുണ്ട്. സ്ഥലം പോലീസ് വകുപ്പിന് കൈമാറം ചെയ്തിട്ടില്ല.

(ഡി) സ്ഥലമെടുപ്പു പൂർത്തിയാക്കുന്ന മുറയ്ക്ക് പണി തുടങ്ങുന്നതാണ്.

കുടിയാൻമല പോലീസ് സ്റ്റേഷൻ കെട്ടിടം

1073 [1967] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട കുടിയാൻമല പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാൻ ഇതിനോടകം എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly